(13) അരൂർ-മട്ടാഞ്ചേരി 110 കെ. വി. ലൈനിന്റേയും ഫോർട്ട് കൊച്ചി 66 കെ. വി. ലൈനിന്റേയും പണികൾ

ശ്രീ. എം. എ. തോമസ് : സർ, മട്ടാഞ്ചേരി, ഫോർട്ട് കൊച്ചിയിൽ വൈദ്യുതി വിതരണ രംഗത്ത് പ്രവർത്തിക്കുന്നത് വളരെക്കാലം മുൻപ് സ്ഥാപിച്ചിട്ടുള്ള 66 കെ. വി. സബ്സ്റ്റേഷനാണ്. അതേസമയം കൺസ്യൂമേഴ്സിന്റെ എണ്ണം ആയിരക്കണക്കിന് വർദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ഈ പ്രദേശത്ത് പല പ്പോഴും വൈദ്യുതി തകരാറുകളും അനുഭവപ്പെടാറുണ്ട്. ഇതിനൊരു പരിഹാരം കാണുന്നതിനുവേണ്ടി അരൂർ-മട്ടാഞ്ചേരി 110 കെ. വി. ലൈൻ, ഫോർട്ട് കൊച്ചി 66 കെ. വി. ലൈൻ എന്നീ ലൈനുകളുടെ പ്രവർത്തനം ആരംഭിച്ചു. ഈ പദ്ധതികൾ ആരംഭിച്ചിട്ട് വർഷങ്ങളായി. ഈ രണ്ട് ലൈനുകളും ടൈ ബൗണ്ടായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, അരൂർ - മട്ടാഞ്ചേരി 110 കെ. വി. ലൈനിന്റെ പണികൾ പൂർത്തീകരിക്കുന്നതിന് 39 ടവറുകളാണ് ആവശ്യമുള്ളത്. ഇതിൽ 32 എണ്ണം സ്ഥാപിച്ചു കഴിഞ്ഞു. ആകെയുള്ള 8.85 കിലോമീറ്റർ ലൈനിൽ 5.14 കിലോമീറ്റർ ദൂരം ലൈൻ വലിച്ചു കഴിഞ്ഞു. കായലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ടവറുകളുടേയും അതിനോട്ടനുബന്ധിച്ചുള്ള ലൈനിന്റേയും നിർമ്മാണത്തിനുള്ള കരാറുകൾ ഏൽപ്പിച്ചു കഴിഞ്ഞു, പണി പുരോഗമിക്കുന്നു. വരുന്ന മാർച്ച് മാസത്തിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഫോർട്ട് കൊച്ചി 66 കെ. വി. കേബിളിന്റെ പണികൾക്ക് 9-12-1999-ൽ ടെന്റർ ഓപ്പൺ ചെയ്തിരിക്കുകയാണ്. ടെന്റർ പരിശോധന നടക്കുന്നു. 2000 ഡിസംബറോടുകൂടി പണി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

IV ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

(1) സംസ്ഥാന സർക്കാരിന്റെ മാനസികാരോഗ്യനയം

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ. സി. ഷൺമുഖദാസ്) : സർ, മനോരോഗ ചികിത്സാസമ്പ്രദായം വളരെയെറെ വളർന്നിട്ടുണ്ടെങ്കിലും ഇതിന്റെ ശാസ്ത്ര നേട്ടങ്ങളെ സംബന്ധിച്ച അവബോധം ജനങ്ങളിൽ പൂർണ്ണമായും എത്തിക്കേണ്ടതുണ്ട്. വരും നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയമായ പൊതുജനാരോഗ്യ പ്രശ്നം മാനസികാരോഗ്യ പ്രശ്നമാണെന്ന് വിലയിരുത്തപ്പെടുന്നുണ്ട്. മനോരോഗ ചികിത്സ മാനോരോഗ ആശുപത്രികളിൽ മാത്രമായി ഒതുക്കി നിർത്താതെ മറ്റ് ഏത് രോഗത്തേയും പോലെ വിവിധ നിലവാരത്തിലുള്ള ആശുപത്രി ചികിത്സയോടൊപ്പം സാമൂഹ്യ കുടുംബ തലങ്ങളിൽ വച്ചും ചികിത്സിക്കപ്പെടാനും അതിനുവേണ്ടിയുള്ള പരിപാടികൾ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന ഒരു സാമൂഹ്യാധിഷ്ഠിത മനോരോഗ ചികിത്സാ പദ്ധതിയുടെ രൂപരേഖയാണ് ഇവിടെ അവതരിപ്പിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മാനസികാരോഗ്യ നയം. 1946-ലെ വോറാ കമ്മിറ്റി റിപ്പോർട്ട് മുതൽ നാളിതു വരെയുള്ള എല്ലാ രേഖകളും പഠിച്ചശേഷമാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. പൊതുജനാരോഗ്യ രംഗത്ത് സാർവദേശീയമായി വികസിച്ച് വന്നിട്ടുള്ള ആധുനിക പ്രവണതകളും സിദ്ധാന്തങ്ങളും കഴിയുന്നത്ര ക്രോഡീകരിച്ചു കൊണ്ടും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടും തികച്ചും പ്രയോഗികമായ ഒരു സമീപനമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. മനോരോഗങ്ങളുടെ പ്രത്യാഘാതങ്ങൾ ഏതാനും മനോരോഗികളിൽ മാത്രം ഒതുങ്ങുന്നതല്ല. അവരുടെ കുടുംബങ്ങളേയും സമൂഹത്തേയും ആകെത്തന്നെ ബാധിക്കുന്നു. മനോരോഗങ്ങൾ ഒരു സാമൂഹ്യ പ്രശ്നമായി പരിഗണിച്ചുകൊണ്ട് രോഗപ്രതിരോധ പരിപാടികൾ ഉൾപ്പെടെ എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് ഈ രേഖ വിവരിക്കുന്നുണ്ട്. മാനസികാരോഗ്യ പ്രശ്നങ്ങളുടെ സ്വഭാവം, ആഴം, ഗൗരവം, ആവർത്തന സ്വഭാവം, ബാല്യകാല മനോവൈകല്യങ്ങൾ, വാർദ്ധക്യകാല മനോരോഗങ്ങൾ, മദ്യപാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആത്മഹത്യ, ലഹരിമരുന്ന്, മനോജന്യ-ശാരീരിക രോഗങ്ങൾ, മനോജന്യ-ലൈംഗിക പ്രശ്നങ്ങൾ എന്നിങ്ങനെ പ്രസക്തമായ വിഷയങ്ങളെല്ലാം നമ്മുടെ സമൂഹവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് സമഗ്രമായി വിലയിരുത്തിയിട്ടുണ്ട്. ആധുനിക നിലവാരത്തിലുള്ള ഏറ്റവും മേന്മയേറിയ ചികിത്സാ സൗകര്യങ്ങൾ ആവശ്യക്കാർക്കെല്ലാം എത്തിക്കണമെന്ന ആഗ്രഹത്തിന്റെ ഫലമായിട്ടാണ് ഈ നിയമത്തിന് രൂപം നൽകിയിട്ടുള്ളത്. ഈ സഹായ രേഖയിൽ ജനകീയ പങ്കാളിത്തത്തോടെ എങ്ങനെയാണ് പരിപാടികൾ നടപ്പാക്കേണ്ടതെന്നും പ്രതിപാദിച്ചിട്ടുണ്ട്. ഗ്രാമീണതലം മുതൽ പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രി, മാനസികാരോഗ്യാശുപത്രി മുതലായ സ്ഥാപനങ്ങൾ ചേർന്ന് പരസ്പരം സഹകരിക്കുന്ന വിപുലമായ റഫറൽ സംവിധാനങ്ങൾ ഈ രേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. സാമൂഹ്യ സഹകരണത്തോടെയുള്ള പുനരധിവാസ പദ്ധതിയും ഉൾപ്പെടുത്തിയിരിക്കുന്നു. കാലോചിതമായി ഈ രംഗത്ത് നടപ്പാക്കപ്പെടേണ്ട പരിപാടികളെപ്പറ്റിയുള്ള സൂചനകൾ നൽകിയിട്ടുണ്ട്. ഞാൻ സഭയുടെ മുൻപാകെ ഈ രേഖ സമർപ്പിക്കുന്നു.

V റിപ്പോർട്ട് സമർപ്പണം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഹൈവേ സംരക്ഷണ ബിൽ

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, 1999-ലെ കേരള ഹൈവേ സംരക്ഷണ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly